**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1780** **11-10-2024 - ൽ മറുപടിയ്ക്ക്**

**പുനരധിവാസ ചികിത്സയുമായി ബന്ധപ്പെട്ട കോഴ്സുകൾ.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. മമ്മിക്കുട്ടി** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | ശാരീരികവും മാനസികവുമായി വെല്ലുവിളി നേരിടുന്ന വ്യക്തികളുടെ പുനരധിവാസ ചികിത്സയുമായി ബന്ധപ്പെട്ട് സാമൂഹ്യനീതി വകുപ്പിന് കീഴിൽ ഏതെങ്കിലും കോഴ്സുകൾ നിലവിലുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. സാമൂഹ്യനീതി വകുപ്പിന് കീഴിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റിഹാബിലിറ്റേഷൻ (നിപ്മർ), നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗ് (നിഷ്) എന്നീ സ്ഥാപനങ്ങൾ മുഖേന ശാരീരികവും മാനസികവുമായി വെല്ലുവിളി നേരിടുന്ന വ്യക്തികളുടെ പുനരധിവാസ ചികിത്സയുമായി ബന്ധപ്പെട്ട് ചുവടെ പറയുന്ന വിവിധ കോഴ്സുകൾ നടത്തി വരുന്നുണ്ട്.<br><br><u>നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റിഹാബിലിറ്റേഷൻ (നിപ്മർ)</u><br><br>1. ബാച്ചിലർ ഓഫ് ഒക്യുപേഷണൽ തെറാപ്പി<br><br>2. ഡിപ്ലോമ ഇൻ സ്പെഷ്യൽ എഡ്യൂക്കേഷ ൻ (IDD)<br><br>3. സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ കെയർ ഗീവിംഗ് (CCCG)<br><br><u>നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗ് (നിഷ്)</u><br><br>1. ബാച്ചിലർ ഓഫ് ഓഡിയോളജി ആന്റ് സ്പീച്ച് ലാംഗ്വിജ് പത്തോളജി (BASLP)<br><br>2. ബാച്ചിലർ ഓഫ് ഒക്കുപേഷണൽ തെറാപ്പി (BOT)<br><br>3. എം.എസ്.സി ഓഡിയോളോജി<br><br>4. എം.എസ്.സി സ്പീച്ച് ലാംഗ്വിജ് പത്തോളോജി<br><br>5. ഡിപ്ലോമ ഇൻ ഏർലി ചൈൽഡ്ഹുഡ് സ്പെഷ്യൽ എഡ്യൂക്കേഷൻ (ഹിയറിംഗ് ഇംപയർമെന്റ്)/ DECSE(HI) |

| | | | |
|---|---|---|---|
| | | | 6. ഡിപ്ലോമ ഇൻ ഇന്ത്യൻ സൈൻ ലാംഗ്വിജ് ഇന്റർപ്രെറ്റേഷൻ (DISLI)<br><br>7. ഡിപ്ലോമ ഇൻ ടീച്ചിംഗ് ഇന്ത്യൻ സൈൻ ലാംഗ്വിജ് (DTISL)<br><br>മേൽപറഞ്ഞ കോഴ്സുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഉണ്ടെങ്കിൽ ഇത്തരം കോഴ്സുകൾക്ക് ദേശീയതലത്തിലുള്ള എന്തെങ്കിലും അംഗീകാരം ലഭ്യമായിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റിഹാബിലിറ്റേഷൻ (നിപ്മർ) നടത്തുന്ന വിവിധ കോഴ്സുകളിൽ ബാച്ചിലർ ഓഫ് ഒക്യുപേഷണൽ തെറാപ്പി (BOT) കോഴ്സിന് ഓൾ ഇന്ത്യ ഒക്യുപേഷണൽ തെറാപ്പി അസ്സോസ്സിയേഷന്റെയും ( AIOTA), വേൾഡ് ഫെഡറേഷൻ ഓഫ് ഒക്യുപേഷണൽ തെറാപ്പിയുടെയും (WFOT) അംഗീകാരം ലഭ്യമായിട്ടുണ്ട്. കൂടാതെ ഡിപ്ലോമ ഇൻ സ്പെഷ്യൽ എഡ്യുക്കേഷൻ, സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ കെയർ ഗിവിംഗ് എന്നീ കോഴ്സുകൾക്ക് റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇൻഡ്യയുടെ അംഗീകാരവുമുണ്ട്.<br><br>നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗ് (നിഷ്) നടത്തുന്ന ഡിപ്ലോമ ഇൻ ഏർലി ചൈൽഡ്ഹുഡ് സ്പെഷ്യൽ എഡ്യൂക്കേഷൻ (ഹിയറിംഗ് ഇംപയർമെൻറ്), ഡിപ്ലോമ ഇൻ ഇന്ത്യൻ സൈൻ ലാംഗ്വിജ് ഇന്റർപ്രെറ്റേഷൻ (DISI), ഡിപ്ലോമ ഇൻ ടീച്ചിംഗ് ഇന്ത്യൻ സൈൻ ലാംഗ്വിജ് (DTISL) എന്നീ കോഴ്സുകൾക്ക് റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇൻഡ്യയുടെ അംഗികാരമുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റിഹാബിലിറ്റേഷൻ (നിപ്മർ), നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗ് (നിഷ്) എന്നീ സ്ഥാപനങ്ങൾ ശാരീരികവും മാനസികവുമായി വെല്ലുവിളി നേരിടുന്ന വ്യക്തികളുടെ പുനരധിവാസ ചികിത്സയുമായി ബന്ധപ്പെട്ട് നടത്തുന്ന വിവിധ കോഴ്സുകളുടെ വിശദാംശങ്ങൾ

1. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റിഹാബിലിറ്റേഷൻ (നിപ്മർ)

| ക്രമ നമ്പർ | കോഴ്സ് | ലഭ്യമായ സീറ്റുകളുടെ എണ്ണം | അംഗീകരിച്ചിട്ടുള്ള സർവ്വകലാശാല / കൌൺസിലിന്റെ വിവരം |
|---|---|---|---|
| 1. | ബാച്ചിലർ ഓഫ് ഒക്യുപേഷണൽ തെറാപ്പി | 20 | കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല |
| 2. | ഡിപ്ലോമ ഇൻ സ്പെഷ്യൽ എഡ്യൂക്കേഷൻ (IDD) | 35 | റിഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യ |
| 3. | സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ കെയർ ഗിവിംഗ് (CCCG) | 30 | റിഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യ |

2. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗ് (നിഷ്)

| ക്രമ നമ്പർ | കോഴ്സ് | ലഭ്യമായ സീറ്റുകളുടെ എണ്ണം | അംഗീകരിച്ചിട്ടുള്ള സർവ്വകലാശാല / കൌൺസിലിന്റെ വിവരം |
|---|---|---|---|
| 1 | ബാച്ചിലർ ഓഫ് ഓഡിയോളജി ആന്റ് സ്പീച്ച് ലാംഗ്വിജ് പത്തോളജി (BASLP) | 27 | കേരള ആരോഗ്യ ശാസ്ത്ര സർവകലാശാല |
| 2 | ബാച്ചിലർ ഓഫ് ഒക്കുപേഷണൽ തെറാപ്പി (BOT) | 20 | കേരള ആരോഗ്യ ശാസ്ത്ര സർവകലാശാല |
| 3 | എം.എസ്.സി ഓഡിയോളോജി | 13 | കേരള ആരോഗ്യ ശാസ്ത്ര സർവകലാശാല |
| 4 | എം.എസ്.സി സ്പീച്ച് ലാംഗ്വിജ് പത്തോളജി | 13 | കേരള ആരോഗ്യ ശാസ്ത്ര സർവകലാശാല |
| | ഡിപ്ലോമ ഇൻ ഏർലി ചൈൽഡ്ഹുഡ് സ്പെഷ്യൽ | | റീഹാബിലിറ്റേഷൻ |

| | | | |
|---|---|---|---|
| 5 | എഡ്യൂക്കേഷൻ (ഹിയറിംഗ് ഇംപയർമെന്റ്) / DECSE(HI) | 25 | കൗൺസിൽ ഓഫ് ഇന്ത്യ |
| 6 | ഡിപ്ലോമ ഇൻ ഇന്ത്യൻ സൈൻ ലാംഗ്വിജ് ഇന്റർപ്രെറ്റേഷൻ (DISLI) | 20 | റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യ |
| 7 | ഡിപ്ലോമാ ഇൻ ടീച്ചിംഗ് ഇന്ത്യൻ സൈൻ ലാംഗ്വിജ് (DTISL) | 20 | റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യ |

**09-10-2024** ഡോ ആർ ബിന്ദു

**MINISTER**